**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3911** **03-03-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് പിടിച്ചെടുത്ത വാഹനങ്ങളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലും ആയി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ; | (എ) | വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലും ആയി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുറ്റകൃത്യങ്ങളുടെ ഭാഗമായി വാഹനം പിടിച്ചെടുത്താൽ പോലീസ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേസുകളുടെ അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട വാഹനങ്ങളുടെ കസ്റ്റഡി ആവശ്യമില്ലാത്തപക്ഷം സീഷർ മഹസർ തയ്യാറാക്കി വാഹനങ്ങൾ രസീതു വാങ്ങി വിട്ടുകൊടുക്കുന്നതാണ്. മറ്റ് നടപടി ക്രമങ്ങൾ ആവശ്യമുണ്ടെങ്കിൽ ആയതിനെ സംബന്ധിക്കുന്ന റിപ്പോർട്ട് ബന്ധപ്പെട്ട കോടതികൾക്ക് സമർപ്പിക്കുന്നു. തുടർന്ന് ടി വാഹനങ്ങളുടെ ഉടമകൾക്ക് 451 CrPC പ്രകാരം ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് ഫോട്ടോഗ്രാഫുകളെടുത്ത് ബഹു. കോടതി നിർദേശാനുസരണം Inventory തയ്യാറാക്കി വാഹനം വിട്ടുകൊടുക്കാവുന്നതാണ്. Abkari Act പ്രകാരമുള്ള കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ സെക്ഷൻ 67(B) പ്രകാരം ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർക്ക് കണ്ടുകെട്ടൽ നടപടികൾക്കായി കൈമാറാവുന്നതാണ് . |
| (സി) | പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തും മറ്റു പല സ്ഥലങ്ങളിലും കിടന്നു നശിക്കുന്നതും മാർഗതടസ്സം സൃഷ്ടിക്കുന്നതും പരിഗണിച്ച് കോടതി നടപടികൾക്കായി ആവശ്യമുള്ളത് ഒഴികെയുള്ള വാഹനങ്ങൾ ലേലം ചെയ്തു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സർക്കാർ പുറപ്പെടുവിച്ച 11.09.2018 ലെ (പി) 60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്ത് വരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം |

| | | | |
|---|---|---|---|
| | | | മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കും ചീഫ് എൻജിനീയർക്കും ഏൽപ്പിച്ച് നൽകി 14.11.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്.<br><br>കേസുകളിൽപ്പെട്ട വാഹനങ്ങളുടെ വേഗത്തിലുള്ള ഡിസ്പോസലിനായി കോടതിയിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനും എന്നിട്ടും അനുമതി ലഭിക്കാത്ത പക്ഷം ഇക്കാര്യം ബഹു ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുമതി നേടിയെടുക്കുന്നതിന്, കേസുകളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഉടമകൾ രേഖകൾ ഹാജരാക്കി കൈപ്പറ്റാത്ത വാഹനങ്ങൾ പോലീസിന് ഉപയോഗിക്കാൻ സംവിധാനം ഉണ്ടാകണമെന്ന നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 2011 ലെ കേരള പോലീസ് ആക്ട് വകുപ്പ് 56 (7) പ്രകാരം അവകാശികൾ ഇല്ലാത്ത ജംഗമ വസ്തുവകകൾ (unclaimed movable articles), ഔദ്യോഗിക ആവശ്യങ്ങൾക്കായി വാങ്ങേണ്ടിവരുമായിരുന്നവയ്ക്ക് പകരമായി പോലീസ് വകുപ്പിൽ ഉപയോഗിക്കുകയോ ലേലത്തിൽ വിൽക്കുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലും ആയി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| Sl. No. | District | വാഹനങ്ങളുടെ എണ്ണം |
|---|---|---|
| 1 | TVM-C | 1061 |
| 2 | TVM-RL | 1779 |
| 3 | KLM C | 1533 |
| 4 | KLM- R | 1003 |
| 5 | PTA | 1048 |
| 6 | ALPY | 1494 |
| 7 | KTM | 1240 |
| 8 | IDK | 520 |
| 9 | EKM-C | 299 |
| 10 | EKM-RL | 1459 |
| 11 | TSR-C | 2401 |
| 12 | TSR- R | 1756 |
| 13 | PLKD | 2067 |
| 14 | MLPM | 3183 |
| 15 | KKD C | 1540 |
| 16 | KKD RL | 587 |
| 17 | WYD | 425 |
| 18 | KNR C | 915 |
| 19 | KNR RL | 763 |
| 20 | KSGD | 1626 |
| 21 | RLYS | 9 |
| **Total** | | **26708** |